**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 632** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ടവരുടെ വ്യവസായ സംരംഭങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വ്യവസായ സ്ഥാപനങ്ങളോ സംരംഭങ്ങളോ ഇല്ലായെന്ന് അറിവുണ്ടോ;

**<u>മറുപടി:</u>** പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പൊതുവിഭാഗങ്ങളെ അപേക്ഷിച്ച് വ്യവസായ സ്ഥാപനങ്ങൾ /സംരംഭങ്ങൾ കുറവാണ്. ആയതിനാൽ വ്യവസായ സ്ഥാപനങ്ങൾ / സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് സ്വയം തൊഴിൽ സബ്സിഡി പദ്ധതി, സമൃദ്ധി കേരളം ടോപ് അപ് ലോൺ പദ്ധതി, പിഎം-അജയ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ മേഖലകളിൽ ചെറുകിട സംരംഭങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ഉണ്ടെങ്കിൽ, പ്രസ്തുത വിഷയം അന്വേഷണവിധേയമാക്കി, സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വ്യവസായ സ്ഥാപനങ്ങൾ/ സംരംഭങ്ങൾ സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**